## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:**1279** **13.06.2013** - ലെ മറുപടിയ്ക്ക്

## കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന കൊയിലാണ്ടി താലൂക്ക് ആശുപത്രി കെട്ടിടം ടെണ്ടർ അംഗീകരിക്കുന്ന നടപടി പുരോഗതി, കൊയിലാണ്ടി ഗവണ്മെന്റ് കോളേജ് കെട്ടിട നിർമ്മാണം, ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പയ്യോളി ഗവണ്മെന്റ് ഹൈസ്കൂളിൽ കെട്ടിട നിർമ്മാണം, എന്നീ പ്രവർത്തികളുടെ പുരോഗതി വിശദമാക്കാമോ; | (എ) 1.കൊയിലാണ്ടി താലൂക്ക് ആശുപത്രി കെട്ടിടം - പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.<br><br>2.കൊയിലാണ്ടി ഗവണ്മെന്റ് കോളേജ് കെട്ടിട നിർമ്മാണം - കരാറുകാരൻ പുതുക്കിയ ഷെഡ്യൂൾ നിരക്ക് ലഭിക്കുന്നതിനായി കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നതിനാൽ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്.<br><br>3.ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പയ്യോളി ഗവണ്മെന്റ് ഹൈസ്കൂളിൽ കെട്ടിട നിർമ്മാണം - പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ അൺഫോർസീൻ എക്സ്പെൻഡിച്ചർ 25% കാണിച്ചത് തിരുത്താൻ ചീഫ് എഞ്ചിനീയർ നൽകിയ കത്തിൽ നടപടി സ്വീകരിക്കുന്നതിന് താമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) പുതുക്കിയ SoR പ്രകാരം തിരുത്തലുകൾ വരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതിനാലാണ് താമസം നേരിടുന്നത്. |
| (സി) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എം.എൽ.എ. യുടെ | (സി) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എം.എൽ.എ. യുടെ |

| | | | |
|---|---|---|---|
| | സാന്നിദ്ധ്യത്തിൽ സൈറ്റ് സന്ദർശിച്ചിട്ട് ഇപ്പോൾ എത്ര മാസമായി എന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തിയുടെ പരിപൂർണ്ണമായ എസ്റ്റിമേറ്റ്, ഡ്രോയിംഗ്, സൈറ്റ് പ്ളാൻ, സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് എന്നിവയെല്ലാം സഹിതം എന്ന് സർക്കാരിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാകും; വ്യക്തമാക്കാമോ; | | സാന്നിദ്ധ്യത്തിൽ സൈറ്റ് സന്ദർശിച്ചിട്ട് 5 മാസങ്ങൾ കഴിഞ്ഞു. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മണ്ണ് പരിശോധന നടത്തേണ്ടതായിട്ടുണ്ട്. മണ്ണ് പരിശോധന നടത്തിയ ശേഷം ഉടൻതന്നെ വിശദമായ എസ്റ്റിമേറ്റും ഡ്രോയിംഗും തയ്യാറാക്കി ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പയ്യോളി ടെക്നിക്കൽ ഹൈസ്കൂളിന് കെട്ടിട നിർമ്മാണത്തിനായി എസ്ററിമേറ്റ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എന്ന് സമർപ്പിച്ചു; വ്യക്തമാക്കാമോ? | (ഡി) | പയ്യോളി ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി മണ്ണ് പരിശോധന നടത്തേണ്ടതുണ്ട്. മണ്ണ് പരിശോധന നടത്തിയശേഷം സ്ട്രക്ച്ചറൽ ഡ്രോയിംഗും, വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കി ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | കൊയിലാണ്ടി താലൂക്ക് ഓഫീസിൽ റിക്കാർഡ് റൂം നിർമ്മിക്കുന്ന പ്രവൃത്തി പുരോഗതി വിശദമാക്കാമോ? | (ഇ) | കൊയിലാണ്ടി താലൂക്ക് ഓഫീസിൽ റിക്കാർഡ് റൂം നിർമ്മിക്കുന്നതിന് പുതുക്കിയ ഷെഡ്യൂൾ നിരക്ക് പ്രകാരം (SoR 2012) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |

**സെക്ഷൻ ഓഫീസർ**